LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വില്ലേജ് അതിർത്തി പുനർനിർണ്ണയം

18 [3539] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിശാസ്ത്രപരമായി അശാസ്ത്രീയമായിട്ടുള്ള റവന്യൂ വില്ലേജുകളുടെ അതിർത്തി പുനർ നിർണ്ണയിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) വലിയ ജോലിഭാരമുള്ള ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ പുനഃസംഘടിപ്പിച്ച് പുതിയ ആഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തലപ്പള്ളി തെക്കുംകര പഞ്ചായത്തിൽപ്പെട്ട കാക്കനിക്കോട്, വാഴാനി പ്രദേശത്തെ ജനങ്ങൾ 15 കിലോമീറ്റർ അകലെയുള്ള മുള്ളൂർക്കര പഞ്ചായത്തിലെ ആയൂർ വില്ലേജിലേക്കാണ് പോകേണ്ടത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രദേശങ്ങൾ തൊട്ടടുത്തുള്ള വിരുപ്പായ വില്ലേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (ഡി) സംസ്ഥാനത്തെ വില്ലേജുകളുടെയും താലൂക്കുകളുടെയും അതിർത്തി പുനർ നിർണ്ണയം നടത്തുന്നതിനെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരിക്കുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. പുതിയ കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനർനിർണ്ണയം സാദ്ധ്യമാകൂ.

സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം റവന്യൂ വില്ലേജ് പുനഃസംഘടന

19 [3540] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ഒരു റവന്യൂ വില്ലേജ് ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടാത്തവിധം റവന്യൂ വില്ലേജ് പുനഃസംഘടന നടത്തുന്നതു സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി നിയമിച്ച ഏകാംഗ കമ്മീഷൻ അതിന്റെ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;